"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ മടായി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ.എൻ.കെ.പുരുഷോത്തമൻ ശ്രീ.കെ.നാരായണൻ കുട്ടി എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.171/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/01/2021

പരാമർശം:- 1 കണ്ണൂർ ജില്ലാ ടൗൺ പ്ലാനറുടെ 28.05.2010-ലെ ബി 503/10 നമ്പർ കത്ത്

2 കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ചെയർമാന്റെ 28.01.2011-ലെ 941/എ2/10/KCZMA നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 06.11.2014-ലെ ഡി9-19184/13 നമ്പർ നടപടിക്രമങ്ങൾ

4 സർക്കാരിന്റെ 31.03.2016-ലെ 32003/ഇപിബി3/2013/തസ്വഭവ നമ്പർ കുറ്റപത്രം

5 സർക്കാരിന്റെ 31.03.2016-ലെ 32003/ഇപിബി3/2013/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17.11.2017-ലെ A1(2) 5270/17/GW നമ്പർ കത്ത്

7 സർക്കാരിന്റെ 18.07.2018-ലെ 32003/ഇപിബി3/2013/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

8 പഞ്ചായത്ത് ഡയറക്ടറുടെ 23.10.2018-ലെ ഡി9-19184/13 നമ്പർ കത്ത്

9 സ.ഉ.(സാധാ) നം.385/2019/തസ്വഭവ തീയതി 22.02.2019

10 കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.06.2019-ലെ എ3-6548/18 നമ്പർ റിപ്പോർട്ട്

11 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 16.12.2020ലെ A1(2)/11/2020-PSC നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിൽ തീരദേശ നിയന്ത്രണ ചട്ടങ്ങൾ ലംഘിച്ചും കേരള കോസ്റ്റൽ സോൺ മാനേജ്മന്റ് അതോറിറ്റിയുടെ അനുമതിയിൽ നിന്ന് വ്യതിചലിച്ചും നിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ ടൗൺ പ്ലാനർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണത്തിൽ മാടായി ഗ്രാമപഞ്ചായത്തിൽ തീരദേശ നിയന്ത്രണ ചട്ടങ്ങൾ (CRZ) ലംഘിച്ച നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് തീരദേശ നിയന്ത്രണ ചട്ടങ്ങളും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും ലംഘിച്ച് പെർമിറ്റ് അനുവദിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചകൾക്ക് കാരണക്കാരായ മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ.പുരുഷോത്തമൻ,

ശ്രീ.നാരായണൻ കുട്ടി എന്നിവർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയുമുണ്ടായി. തുടർന്ന് കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലെ മാടായി വില്ലേജ് സർവേ നമ്പർ 118/5 ൽ പ്പെട്ട സ്ഥലത്ത് തീരദേശ നിയന്ത്രണങ്ങൾ ലംഘിച്ചും കേരള പഞ്ചായത്ത് രാജ് ആക്ട് 235 B, 235 V, 235 W വകുപ്പുകളും 1999 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3,4 20(1), 23(4) എന്നിവ ലംഘിച്ചും നിർമ്മിച്ച കെട്ടിടങ്ങൾക്ക് രണ്ട് ഘട്ടങ്ങളിലായി കെട്ടിട നമ്പർ അനുവദിക്കുക വഴി അധികാര ദുർവിനിയോഗവും ചട്ട ലംഘനവും നടത്തിയതായും കൂടാതെ അനധികൃതമായി തുടർന്ന കെട്ടിട നിർമ്മാണം തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത മാടായി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായ ശ്രീ. കെ നാരായണൻ കുട്ടിക്ക് കെ.സി.എസ്. (സി.സി &എ) റൂൾ പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകുകയും സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. എൻ.കെ. പുരുഷോത്തമനെതിരെ കെ.എസ്.ആർ പാർട്ട് III പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ആയതിനു ടിയാളുകൾ പ്രതിവാദ പത്രികകൾ സമർപ്പിച്ചിട്ടുണ്ട്. .

തുടർന്ന് ടി ഉദ്യോഗസ്ഥരെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന് അനുമതി കൊടുത്തത് വഴി ഗുരുതരമായ നിയമ ലംഘനവും ഉത്തരവാദിത്വരാഹിത്യവും കാട്ടിയതായി ബോധ്യപ്പെടുകയും കൂടാതെ രണ്ടുപേരും അനുമതി കൊടുത്തതിൽ അപാകതകൾ സംഭവിച്ചിട്ടുള്ളതായി സമ്മതിക്കുകയും ചെയ്തിരുന്നു. അച്ചടക്ക നടപടി തുടരവേ, ശ്രീ. നാരായൺ കുട്ടി 31.01.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ റൂൾ 3 (a) പാർട്ട് III കെ.എസ്.ആർ ചട്ടങ്ങൾ പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകി പരാമർശം (7) പ്രകാരം നടപടി ആരംഭിക്കുകയുണ്ടായി. ശ്രീ. നാരായൺകുട്ടിക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (8) പ്രകാരം അഭിപ്രായറിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം, കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിലുള്ള R.S No. 118/5 ൽ ഉൾപ്പെട്ട സ്ഥലത്തു സ്ഥിതി ചെയ്യുന്ന VII/ 522, 523, 524 നമ്പർ ഓലമേഞ്ഞ കെട്ടിടത്തിന്റെ പുനർ നിർമ്മാണത്തിന് ഉടമസ്ഥർ സമർപ്പിച്ച അപേക്ഷയിന്മേൽ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. എൻ.കെ. പുരുഷോത്തമനാണ് CRZ, KPBR ചട്ടങ്ങൾ ലംഘിച്ചു കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകിയെന്ന ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും, എന്നാൽ അനധികൃതമായി വികസന രഹിത മേഖലയിൽ നിബന്ധനകൾ ലംഘിച്ച് മുൻ സെക്രട്ടറി KPBR ആക്ട് 235 (W) പ്രകാരം പൊളിച്ചുമാറ്റാൻ നോട്ടീസ് നൽകിയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാതെ ഉടമസ്ഥാവകാശ ചട്ടങ്ങൾ ലംഘിച്ചു ടി കെട്ടിടത്തിന് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകി വസ്തു നികുതി ഈടാക്കിയതിലൂടെ ഗുരുതരമായ ചട്ട ലംഘനവും, പഴയങ്ങാടി പുഴയുടെ അതിരിൽ നിന്നു കേവലം 2.75 മീറ്റർ മാത്രം അകലമുള്ള പ്രസ്തുത കെട്ടിടത്തിന് CRZ അതോറിറ്റിയുടെ അനുമതിയില്ലാതെ 99.1 ചതുരശ്ര മീറ്റർ വിസ്തീർണം ഉണ്ടായിരുന്ന കെട്ടിടത്തിന്റെ സ്ഥാനത്തു ഒന്നാം നില 295.64 ചതുരശ്ര മീറ്റർ രണ്ടാം നില 295.64 ചതുരശ്ര മീറ്റർ മൂന്നാം നില 295.64 ചതുരശ്ര മീറ്റർ വിസ്തീർണം ഉള്ള മൂന്നു നില കെട്ടിടം നിർമ്മിച്ചതിനു രണ്ടു ഘട്ടമായി നമ്പർ നൽകിയതിലൂടെ മുൻസെക്രട്ടറി ശ്രീ.കെ.നാരായണൻകുട്ടി ഗുരുതരമായ നിയമ ലംഘനവും ഉത്തരവാദിത്ത രാഹിത്യവും കാട്ടിയതായും ബോധ്യപ്പെട്ടിട്ടുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ.കെ.നാരായണൻകുട്ടി തന്റെ പ്രതിവാദത്തിൽ പ്രസ്തുത വിഷയത്തിൽ നേരിൽ കേൾക്കാനോ കൂടുതൽ വിവരം സമർപ്പിക്കുവാനോ ആഗ്രഹിക്കുന്നില്ല എന്നും ബോധിപ്പിച്ചിട്ടുണ്ട്.

തുടർന്ന് ശ്രീ നാരായൺ കുട്ടിയ്ക്കെതിരെ ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (9) പ്രകാരം കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (10) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിൽ ചുവടെ പറയുന്ന കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മാടായി ഗ്രാമപഞ്ചായത്തിൽ റീ.സ. നമ്പർ118/5-ൽപ്പെട്ട CRZ പരിധിയിൽ ഉൾപ്പെട്ട സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിന് 128/09-10 തീയതി. 07.07.2009 പ്രകാരം പെർമിറ്റ് നൽകിയതും, അതേ സ്ഥലത്ത് ഗ്രൗണ്ട് ഫ്ലോർ 295.64 ച.മീ, ഒന്നാം നില 295.64 .ച.മീ, രണ്ടാം നില 295.64 .ച.മീ എന്നീ അളവുകളുള്ള കെട്ടിടം നിർമ്മിക്കുകയും ടി കെട്ടിടത്തിന് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുവാദം വാങ്ങുകയോ നിബന്ധനകൾ ഉറപ്പ് വരുത്തുകയോ ചെയ്യാതെ എ2-874/10 തീ. 3/02/2010 നമ്പർ പ്രകാരം റിവൈസ്ഡ് പെർമിറ്റ് അനുവദിച്ചതും കുറ്റാരോപിതനായ ശ്രീ.കെ നാരായൺ കുട്ടി മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപ് ആണെന്ന് ബോധ്യപ്പെട്ടു എന്നും, ശ്രീ.എൻ.കെ പുരുഷോത്തമന് ശേഷം ജോലിയിൽ പ്രവേശിച്ച സെക്രട്ടറി പ്രസ്തുത കെട്ടിട നിർമ്മാണം പഴയങ്ങാടി പുഴയുടെ തീരത്തു നിന്നും 3.5 മീറ്റർ അകലെ മാത്രമാണെന്നും ആയതു തീരദേശ നിയന്ത്രണ

മേഖലയിൽ CRZ-III ൽ ഉൾപ്പെട്ടതാണെന്നും പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ആവശ്യമാണെന്നും ചട്ടലംഘന പ്രകാരം നിർമ്മിക്കുന്ന ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവത്തനം ഉടൻ നിർത്തി വയ്ക്കണമെന്നും മേൽ പ്രകാരം അനുവദിച്ച പെർമിറ്റ് KMBR ചട്ടം 16 പ്രകാരം റദ്ദാക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു എന്നും കാണിച്ച 30/06/2010 ന് A2-4041/10 നമ്പർ പ്രകാരം കെട്ടിട ഉടമസ്ഥർക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും എന്നാൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നും ആയതിനു ശേഷം ജോലിയിൽ പ്രവേശിച്ച സെക്രട്ടറി ശ്രീ നാരായണൻ കുട്ടി ചട്ടം ലംഘിച്ച നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് മുൻ സെക്രട്ടറി അനുവദിച്ച റിവൈസ്ഡ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി ചുമത്തി കെട്ടിട നമ്പർ അനുവദിക്കുകയാണ് ഉണ്ടായത് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിന് ശ്രീ.നാരായണൻ കുട്ടി തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നും കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. പുരുഷോത്തമൻ ആവശ്യപ്പെട്ട പ്രകാരം ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ടവേളയിൽ ടിയാന്റെ വാദങ്ങൾ വിശദമായി എഴുതി സമർപ്പിക്കുകയുണ്ടായി. ആയതു പ്രകാരം 16.06.2009 തിയ്യതിയിൽ ഉടമകളായ 5 പേര് ഒപ്പിട്ട മാടായി വില്ലേജിൽ റി.സ. 118/5 ൽ പ്പെട്ട 18 സെന്റ് സ്ഥലത്തു പുഴയോരത്തായി CRZ ബാധകമായിരുന്ന സ്ഥലത്ത് പഴയ കെട്ടിടം പൊളിച്ച മാറ്റി നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തൃതി മാത്രം മാറ്റി പുതുക്കി പണിയുന്നതിന് അനുമതിക്കായി അപേക്ഷ നൽകിയിരുന്നു എന്നും പ്രസ്തുത അപേക്ഷയിൽ അനുമതി നൽകുന്നതിന് CRZ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതിക്കായി സമർപ്പിച്ചു എന്നും റി.സ നമ്പർ 118/5 ൽ പ്പെട്ട 18 സെന്റ് സ്ഥലത്ത് വാണിജ്യ ആവശ്യത്തിനായി പഴയ കെട്ടിടത്തിനടുത്തുള്ള പുഴയോരമല്ലാത്ത സ്ഥലത്ത് നിലവിലുള്ള കെട്ടിടത്തിന്റെ സ്ഥല വിസ്തീർണത്തിൽ പുതുക്കിയ കെട്ടിട പ്ലാൻ അനുവദിച്ചു തരണമെന്ന് 1.02.2010 തിയ്യതി വീണ്ടും അപേക്ഷ നൽകുകയും ആയതിനു 3.02.2010 തിയ്യതിയിൽ പുതുക്കിയ കെട്ടിട നിർമ്മാണ പ്ലാനിൽ പറഞ്ഞ വിസ്തൃതിയിൽ കെട്ടിട നിർമ്മാണ അനുമതി നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുകയും ചെയ്തു എന്നും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ മുൻ കൂറായി കെട്ടിട നിർമ്മാണ അനുമതി നൽകുകയാണ് ഉണ്ടായത് എന്നും കെട്ടിട ഉടമ പഴയ കെട്ടിടം പൊളിച്ചു മാറ്റി പുതുക്കി പണിയുന്ന സമയത്ത് സെക്രട്ടറിയോട് പൊളിച്ചു മാറ്റുന്ന വിവരം അറിയിച്ചിട്ടില്ല എന്നും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ആക്ഷേപം ഉയർന്നപ്പോൾ ചട്ടലംഘനം നടത്തിയതിനു കെട്ടിട നിർമ്മാണം നിർത്തി വച്ച് കൊണ്ട് നിയമനടപടി സ്വീകരിക്കുവാൻ 18.03.2010 ൽ നോട്ടീസ് നൽകിയെന്നും ടിയാൻ അറിയിച്ചു. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ മുൻ കൂർ അനുവാദം വാങ്ങാതെ കെട്ടിട നിർമാണാനുമതി നല്കിയതിന്മേൽ ടിയാന്റെ പേരിൽ ആരംഭിച്ച അച്ചടക്ക നടപടികൾ ടിയാൻ മനപ്പൂർവ്വമല്ലാതെ ചെയ്തു പോയ കുറ്റത്തിന് മാപ്പ് നൽകി തുടർനടപടികളിൽ നിന്ന് ഒഴിവാക്കിത്തരണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാടായി ഗ്രാമപഞ്ചായത്തിലെ 7ാം വാർഡിൽ പഴയങ്ങാടി പുഴയോരത്തു മാടായി വില്ലേജ് റി.സ നമ്പർ 118/5 ൽ പെട്ട 18 സെന്റ് സ്ഥലത്ത് VII/522, 523, 524 നമ്പർ കെട്ടിടങ്ങളുടെ മേൽക്കൂര മാറ്റുന്നതിനു അനുമതി തേടുകയും 7.07.2009 ലെ 128/09-10 നമ്പർ ആയി പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകുകയും ചെയ്തിട്ടുള്ളതായും കാണുന്നു. ടി VII/522, 523, 524 കെട്ടിടങ്ങളുടെ 99.01 ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയയിലുള്ള കെട്ടിടത്തിന്റെ മേൽക്കൂര മാറ്റലിനാണ് അനുമതി തേടിയതും പെർമിറ്റ് അനുവദിച്ചിരിക്കുന്നതും. തുടർന്ന് ഇതേ സ്ഥലത്തു ഗ്രൗണ്ട് ഫ്ലോർ 295.64 ചതുരശ്ര മീറ്റർ, ഒന്നാം നില 295.64 ചതുരശ്ര മീറ്റർ രണ്ടാം നില 295.64 ചതുരശ്ര മീറ്റർ എന്നീ അളവുകളുള്ള വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി റിവൈസ്ഡ് പ്ലാൻ 1.02.2010 തിയ്യതിയിൽ സമർപ്പിക്കുകയും 3.02.2010 ലെ എ2-874/2010 നമ്പർ ആയി റിവൈസ്ഡ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിരുന്നു.7.07.2009 തിയ്യതിയിൽ നൽകിയ 128/09-10 നമ്പർ ബിൽഡിംഗ് പെർമിറ്റ് നിബന്ധനകൾ പാലിക്കാതെ തെറ്റായി അനുവദിക്കപ്പെട്ടതാണ്. ഇതേ സ്ഥലത്താണ് തുടർന്ന് 3 നിലകളിലായി 886.92 ച.മീ വിസ്തൃതിയുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 3.02.2010 ൽ എ2/874/2010 നമ്പർ ആയി റിവൈസ്ഡ് പെർമിറ്റ് നൽകിയിരിക്കുന്നത്. പ്രസ്തുത ആവശ്യത്തിനായി സമർപ്പിച്ചിരിക്കുന്ന പ്ലാനിൽ KMBR ലെ ചട്ടം 7 ൽ നിർദേശിക്കുന്ന പ്രകാരം വിവരങ്ങൾ പൂർണമായും ഉൾപ്പെടുത്തുകയോ അഗ്നിശമനസേനാവിഭാഗത്തിൽ നിന്നുള്ള അനുമതി അടക്കം ചട്ടം 56 നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുകയോ ചട്ടം 31,32,33,34,109എ, 109ബി പ്രകാരമുള്ള നിബന്ധനകൾ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും പ്ലാനിൽ ഉൾപ്പെടുത്തുകയോ പാലിക്കുകയോ ചെയ്തിട്ടില്ല. ഇത്തരം പ്രവർത്തനങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 19.02.91 ലെ SO 114 (E) നമ്പർ വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്ട് 235 B, 235 V, 235 W വകുപ്പ്, 1999-ലെ കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3, 4, 20(1), 23(4) തുടങ്ങിയവയുടെ ലംഘനമാണ്. ഈ കാരണങ്ങളാൽ മാടായി ഗ്രാമപഞ്ചായത്തിൽ നിന്നും 7.07.2009 തിയ്യതിയിൽ 128/09-10 നമ്പറായും തുടർന്ന് 3.03.2010 തിയ്യതിയിൽ എ2/874/2010 നമ്പറായും നൽകിയ ബിൽഡിംഗ് പെർമിറ്റുകൾ നിയമ പരമായി നിലനിൽക്കുന്നതല്ല. കൂടാതെ ടി ബിൽഡിംഗ് പെർമിറ്റുകൾ

വസ്തുതാവിരുദ്ധമായ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷയുടെ അടിസ്ഥാനത്തിലും, ചട്ടങ്ങൾ പാലിക്കാതെ മനഃപൂർവം ചട്ട ലംഘനം നടത്തിയും നൽകിയതാണ് എന്ന് വ്യക്തമാണ്. മേൽ ചട്ടലംഘനത്തോടെയുള്ള നിർമ്മാണത്തിന് അനുമതി നൽകിയ ഉദ്യോഗസ്ഥരായ ശ്രീ പുരുഷോത്തമൻ 31.03.2010 ൽ സർവീസിൽ നിന്നും വിരമിക്കുകയുണ്ടായി. 30.06.2010 ൽ മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.വിനോദ് കുമാർ അനധികൃത നിർമ്മാണം നിർത്തി വയ്ക്കുന്നതിനും അവ പൊളിച്ചു നീക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നു. 28.01.2011 ലെ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ചെയർമാന്റെ കത്ത് പ്രകാരം നിലവിലുള്ള പ്ലിന്ത് ഏരിയയിലെ (99.1 ചതുരശ്ര മീറ്റർ വിസ്തീർണം) FSI ലോ density യിലോ വർദ്ധനവ് ഉണ്ടാകരുത് എന്ന വ്യവസ്ഥയിലും നിർമ്മാണം രണ്ട് നിലകളിൽ കൂടരുത് എന്ന വ്യവസ്ഥയിലും നിലവിലുള്ള കെട്ടിടത്തിന്റെ പുനർ നിർമ്മാണത്തിന് ക്ലിയറൻസ് നൽകിയതിനെ തുടർന്ന് 24.02.2011 ലെ കത്ത് പ്രകാരം മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ നാരായണൻ കുട്ടി, 3.02.2010 ലെ എ2-874/2010 നമ്പർ റിവൈസ്ഡ് പെർമിറ്റ് പ്രകാരം അനുവദിച്ച ഗ്രൗണ്ട് ഫ്ലോർ 295.64 ചതുരശ്ര മീറ്റർ, ഒന്നാം നില 295.64 ചതുരശ്ര മീറ്റർ രണ്ടാം നില 295.64 ചതുരശ്ര മീറ്റർ എന്നീ അളവുകളുള്ള വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണത്തിന് അനുമതി നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത കെട്ടിടത്തിന് CRZ അനുമതിക്ക് വിരുദ്ധമായി പ്ലിന്ത് ഏരിയയിലും FSI യിലും density യിലും വ്യതിയാനം ഉണ്ടാവുകയും ചെയ്തു. കൂടാതെ മേൽ നിർമ്മാണത്തിന് 28.05.2012 ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചപ്പോൾ 7.07.09 ലെ 128/09 ലെ പെർമിറ്റ് പ്രകാരവും അംഗീകരിച്ച പ്ലാൻ പ്രകാരവും പൂർത്തീകരിച്ചതായി എൻജിനീയർ സർട്ടിഫൈ ചെയ്തിരിക്കുന്നു. ഇതിനു വിപരീതമായി 3.02.2010 ലെ 128/09-10 റിവൈസ്ഡ് പ്ലാൻ പ്രകാരമാണ് നിർമ്മാണം പൂർത്തിയാക്കിയിരുന്നത്.

മേൽ വസ്തുകൾ പരിഗണിച്ച്, തീരദേശ നിയന്ത്രണ മേഖലയിൽ CRZ-III ൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതിയില്ലാതെ ചട്ടലംഘനത്തോടെ നിർമ്മാണാനുമതി നൽകിയ മാടായി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ പുരുഷോത്തമൻ, തീരദേശ നിയന്ത്രണ മേഖലയിൽ CRZ-III ൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതിയില്ലാതെ ചട്ടലംഘനത്തോടെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മണ പ്രവത്തനം നിർത്തിവയ്ക്കുന്നതിനും മേൽ പ്രകാരം അനുവദിച്ച പെർമിറ്റ് KMBR ചട്ടം 16 പ്രകാരം റദ്ദാക്കുന്നതിനും തീരുമാനിച്ചിരിക്കുന്നുവെന്ന് കാണിച്ച് 30.06.2010-നു A2-4041/10 നമ്പർ പ്രകാരം കെട്ടിട ഉടമസ്ഥർക്ക് നൽകിയ നോട്ടീസ് പ്രകാരം തുടർ നടപടികളൊന്നും സ്വീകരിക്കാതിരിക്കുകയും ചട്ടം ലംഘിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് മുൻ സെക്രട്ടറി അനുവദിച്ച റിവൈസ്ഡ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി ചുമത്തി കെട്ടിട നമ്പർ അനുവദിച്ച മുൻ സെക്രട്ടറി ശ്രീ.കെ.നാരായണൻ കുട്ടി എന്നിവർ ഗുരുതരമായ ചട്ടലംഘനം, അധികാര ദുർവിനിയോഗം, പരിസ്ഥിതി സംരക്ഷണത്തിനു കോട്ടം വരുത്തുന്ന വിധത്തിൽ നിയമ ലംഘനം നടത്തുന്നത് സഹായിക്കൽ തുടങ്ങിയ ഗുരുതരവും അത്യന്തം വിനാശകരവുമായ കുറ്റങ്ങൾ ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ വസ്തുതകൾ സർക്കാർ പരിശോധിച്ചതിൽ കുറ്റാരോപിതർക്കെതിരെ സമാനമായ വിഷയത്തിൽ സമാന സ്വഭാവമുള്ള കുറ്റത്തിന് വ്യത്യസ്ത രീതിയിൽ ശിക്ഷ നൽകുന്നത് സ്വാഭാവിക നീതിയല്ലാത്തതിനാൽ മാടായി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. പുരുഷോത്തമന് നിർണ്ണയം ചെയ്ത പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് എടുത്ത ശിക്ഷ ഇളവ് ചെയ്ത് മുൻ സെക്രട്ടറി ശ്രീ കെ. നാരായണൻ കുട്ടിയുടേതിനു സമാനമാക്കി പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം മൂന്ന് വർഷത്തേക്ക് തുടർച്ചയായി കുറവ് വരുത്താൻ താൽക്കാലികമായി തീരുമാനിക്കുകയും തുടർന്ന് ഇക്കാര്യത്തിൽ ബഹു.കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും ഉണ്ടായി. ബഹു. പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും ചെയ്യുന്നതായി പരാമർശം (11) പ്രകാരം അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മാടായി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ.എൻ.കെ പുരുഷോത്തമൻ, ശ്രീ കെ. നാരായണൻ കുട്ടി എന്നിവർക്കെതിരായ അച്ചടക്ക നടപടി, ടിയാളുകളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം മൂന്ന് വർഷത്തേക്ക് തുടർച്ചയായി കുറവ് വരുത്താൻ കൈകൊണ്ട താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ കെ. നാരായണൻ കുട്ടി സെക്രട്ടറി, മടായി ഗ്രാമപഞ്ചായത്ത്.
   ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. ശ്രീ. എൻ.കെ. പുരുഷോത്തമൻ, മടായി ഗ്രാമപഞ്ചായത്ത്. ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
7. തദ്ദേശസ്വയംഭരണ (ആർ ബി) വകുപ്പ് (2.05.2013-ലെ 25448/RB2/2010 നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
8. ഡയറക്ടർ,ഐ.കെ.എം, തിരുവനന്തപുരം.
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.294/ഇപിബി3/2018/തസ്വഭവ.)

Signature valid ഉത്തരവിൻ പ്രകാരം
Digitally signed by SUDHEER S S
Date: 2021.01.21 17:07:00 IST
Reason: Approved
സെക്ഷൻ ഓഫീസർ